അന്തിമ മറുപടി

**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.911** **29.09.2016 -ൽ മറുപടി നൽകേണ്ടിയിരുന്നത്**

**സർക്കാർഭൂമി ക്രമരഹിതമായി കൈവശം വെച്ചതുമായി ബന്ധപ്പെട്ട കേസ്സുകൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ഡോ.എം. കെ. മുനീർ | | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) | സർക്കാർഭൂമി ക്രമരഹിതമായി കൈ വശം വച്ചിട്ടുള്ളതു സംബന്ധിച്ച് മുൻസർക്കാരിന്റെ കാലത്ത് എന്തൊക്കെ നടപടികൾ സ്വീകരിച്ചിരുന്നു എന്നതിന്റെ വിശദവിവരം നൽകാമോ; | (എ) | സർക്കാർഭൂമി ക്രമരഹിതമായി കൈവശം വച്ചിട്ടുള്ള കേസുകളിൽ കേരള ഭൂസംരക്ഷണ നിയമപ്രകാരമുള്ള നടപടി സ്വീകരിച്ചു വന്നിട്ടുള്ളതാണ്.അത്തരം ഭൂമി ഏറ്റെടുക്കാനായി സ്പെഷ്യൽസെൽ രൂപീകരിച്ച് സ്പെഷ്യൽ ഓഫീസർ, ജില്ലാ തല ടീം ലീഡറായി ഡെപ്യൂട്ടി കളക്ടർ (ഭൂപരിഷ്കരണം ) എന്നിവരെ നിയമിച്ചിരുന്നു. |
| (ബി) | ഇതുമായി ബന്ധപ്പെട്ട് എത്ര കേസുകൾ ഉണ്ടെന്നും കേസുകൾ കൈകാര്യം ചെയ്യാൻ തുടക്കംമുതൽ നിയോഗിക്കപ്പെട്ടിരുന്ന ഗവൺമെന്റ് വക്കീൽ ആരായിരുന്നുവെന്നും വ്യക്തമാക്കുമോ; | (ബി) | ഇതുമായി ബന്ധപ്പെട്ട് 839 കേസുകൾ നിലവിലുണ്ട്.ബഹു.കേരള ഹൈക്കോടതിയിൽ ഇത്തരം കേസുകൾ കൈകാര്യം ചെയ്യുന്നതിനായി സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡർ (റവന്യൂ) ശ്രീമതി.സുശീല ആർ.ഭട്ടിനെയാണ് തുടക്കത്തിൽ ചുമതലപ്പെടുത്തിയിരുന്നത്. |
| (സി) | പൊതു താല്പര്യത്തിനു വിരുദ്ധമായ എന്തെങ്കിലും നടപടികൾ പ്രസ്തുത ഗവൺമെന്റ് വക്കീലിന്റെ ഭാഗത്തുനിന്നും ഉണ്ടായതായി ആക്ഷേപം ഉന്നയിക്കപ്പെട്ടിരുന്നോ; എങ്കിൽ വിശദവിവരം നൽകാമോ? | (സി) | ശ്രദ്ധയിൽപെട്ടിട്ടില്ല. |

**സെക്ഷൻ ഓഫീസർ**